പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 363 12.06.2012-ൽ മറുപടിയ്ക്ക്

വൈദ്യുതി ബോർഡിൻെറ കടബാധ്യതയും കുടിശ്ശികയും.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന വൈദ്യുതി ബോർഡിൻെറ കടബാധ്യതകൾ വ്യക്തമാക്കാമോ ; | (എ) | 2010-11-ലെ ആഡിറ്റ് പൂർത്തിയായ കണക്കുപ്രകാരം മൂലധന വായ്പ (ക്യാപിറ്റൽ ലയബിലിറ്റീസ്) 1066.50 കോടി രൂപയും വർക്കിംഗ് ക്യാപിറ്റലിനു വേണ്ടിയുള്ള വായ്പ 317.63 കോടി രൂപയുമാണ്. 2011-12 വർഷത്തെ കണക്കെടുപ്പു പൂർത്തിയായിട്ടില്ല. |
| (ബി) | വൈദ്യുതി, വാണിജ്യാവശ്യത്തിനു വിറ്റ വകയിൽ എത്ര കോടി രൂപ ബോർഡിനു ലഭിക്കാനുണ്ട് ; | (ബി) | ഹൈടെൻഷൻ ഉപഭോക്താക്കളിൽ വാണിജ്യാവശ്യത്തിനു വൈദ്യുതി വിറ്റ വകയിൽ 40.83 കോടി രൂപ ബോർഡിന് ലഭിക്കാനുണ്ട്. |
| (സി) | കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് ; വിശദമാക്കാമോ ? | (സി) | (i) കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം യഥാസമയം വിച്ഛേദിക്കുക.<br>(ii) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുക. പലിശയിൽ ഇളവനുവദിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.<br>(iii) പൂട്ടിക്കിടക്കുന്ന പ്ലാൻേറഷനുകൾ, വ്യവസായ ശാലകൾ (എച്ച്.ടി, എൽ.ടി) ഒരു നിശ്ചിത തീയതിയ്ക്കു മുൻപ് തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ, പ്രസ്തുത സ്ഥാപനങ്ങൾ പൂട്ടിക്കിടന്നിരുന്ന കാലയളവിലെ ഫിക്സഡ് ചാർജ്/ ഡിമാൻറ് ചാർജ്ജ് എന്നിവ ഒഴിവാക്കി നല്കുക.<br>(iv) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുക.<br>(v) കെട്ടിക്കിടക്കുന്ന കേസ്സുകൾ വേഗത്തിൽ തീർപ്പാ ക്കാൻ സഹായകമായ നടപടികൾ സ്വീകരിക്കുക.<br>(vi) കുടിശ്ശികയ്ക്ക് തവണ വ്യവസ്ഥ അനുവദിക്കുക. |

സെക്ഷൻ ഓഫീസർ.